**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3056

10.03.2017- ൽ മറുപടിയ്ക്ക്

**പയ്യന്നൂർ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) പയ്യന്നൂർ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സെല്ല് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നുവോ; എങ്കിൽ സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്നും സെല്ലിന്റെ ഘടന ഏത് തരത്തിലുള്ളതാണെന്നും വ്യക്തമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സെല്ല് രൂപീകരിച്ച് 26.11.2016-ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ആയതിന്റെ ഘടന ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), തഹസിൽദാർ, താലൂക്ക് സർവെയറുടെ നേതൃത്വത്തിലുള്ള 5 അംഗ സർവ്വെ ടീം എന്നതാണ്. |
| ബി) പ്രസ്തുത സെൽ പ്രവർത്തനമാരംഭിച്ചിട്ട് ഇതുവരെ എത്ര കേസ് തീർപ്പാക്കിയിട്ടുണ്ട്; വില്ലേജ്, സർവ്വെ നമ്പർ, വ്യക്തിയുടെ പേര് എന്നിവ സഹിതം വിശദമാക്കുമോ;<br><br>സി) എത്ര കേസ് ഇനി തീർപ്പാക്കാനുണ്ടെന്നും വില്ലേജ്, സർവ്വെ നമ്പർ,വ്യക്തിയുടെ പേര് എന്നിവ സഹിതം വിശദമാക്കുമോ? | (ബി)<br>&<br>(സി) | എരമം വില്ലേജിലെ റീസർവ്വെ 70/1 എ 1, എ 3, എ 5 എന്നീ നമ്പറുകളിലേയും വെള്ളോറ വില്ലേജിലെ റീസർവ്വെ 23-ലും പെട്ട 112 പേരുടേയും ഭൂപ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. പെരിന്തട്ട, കുറ്റൂർ, പെരിങ്ങോം, ആലപ്പടമ്പ എന്നീ വില്ലേജുകളിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുവാൻ ബാക്കിയുണ്ട്. ഭാഗികമായി മാത്രം ഭൂപ്രശ്നം പരിഹരിച്ചിട്ടുള്ളതിനാൽ ഗുണഭോക്താക്കളുടെ വിവരം ലഭ്യമായി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ